കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്തുകൈപ്പറ്റു ചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-11/52/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി- 17/4/2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെട്ടിക്കവല ബ്ലോക്കുപഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ബ്ലോക്കുപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം **വെട്ടിക്കവല ബ്ലോക്കുപഞ്ചായത്തിന്റെ** 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-11/52/19 തീയതി-17/4/2019

**<u>കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്കുപഞ്ചായത്തിന്റെ</u>**

**<u>2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>**

**<u>ഓഡിറ്റ് റിപ്പോർട്ട്.</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ **വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ** 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.17 മുതൽ 31.10.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ജി.ബിനുകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 26.11.2018 മുതൽ 1.12.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.നവീൻ ചന്ദ്രൻ | ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ.) |
| | | ശ്രീമതി.മഞ്ജുള സാഗർ | അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |
| | | ശ്രീമതി.ജയകുമാരിഅമ്മ.ജി | സീനിയർഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.അനു.കെ.ആനന്ദ് | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ആർ ദീപ | 1.4.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീ.പി.കെ.ശരത്ചന്ദ്രക്കുറുപ്പ് | 1.4.17 മുതൽ 1.6.17 വരെ |
| | ശ്രീ.മുഹമ്മദ് ഷാജി.എ.എസ്.(ഫുൾ അഡീ.ചാർജ്ജ്) | 2.6.17 മുതൽ 26.9.17 വരെ |
| | ശ്രീ.വിഷ്ണു.ആർ | 27.9.17 മുതൽ 31.3.18 വരെ |
| **നിർവ്വഹണഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസി.എക്സി. എൻജിനീയർ | ശ്രീമതി.ബീന.എ | 1.4.17മുതൽ 2.10.17വരെ |
| | ശ്രീമതി.മിത.വി.ധരൻ | 3.10.17മുതൽ 31.3.18 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീ.അനിൽകുമാർ.എ.ജി. | 1.4.17മുതൽ 31.3.18 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.സുനിൽകുമാർ.കെ | 1.4.17മുതൽ 31.3.18 വരെ |
| ക്ഷീരവികസനഓഫീസർ | ശ്രീമതി.സൂസൻ ഗിൽബർട്ട് | 1.4.17മുതൽ 8.8.17 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി.അശ്വതി.എസ്.നായർ | 9.8.17മുതൽ 31.3.18 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.നിഷാ നായർ | 1.4.17മുതൽ 26.6.17 വരെ |
| | ശ്രീമതി.ശശികലാദേവി (സൂപ്പർ വൈസർ (ചാർജ്ജ്)) | 26.6.17 മുതൽ 2.7.17വരെ |
| | ശ്രീമതി.വൽസമ്മ .പി.എസ് | 3.7.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി കുളക്കട | ഡോ.രാഹുൽ കെ | 01.04.17മുതൽ 31.05.17 വരെ |
| | ഡോ. റാണാ ബി | 01.06.17 മുതൽ 18.08.17 വരെ |
| | ഡോ. നിഷാ കുമാരി | 19.08.17 മുതൽ 25.02.18 വരെ |
| | ഡോ.അഞ്ജു വിജയൻ | 26.02.18 മുതൽ 31.03.08 വരെ |
| വെറ്റിനറി സർജൻ | ഡോ.നിസ്സാം | 01.04.17മുതൽ 31.3.18 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | | |

| | | |
|---|---|---|
| | ഭാഗം 2 | |
| 11 | സാംഖ്യ രസീതിലെ അപാകതകൾ | 2-1 |
| 12 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫാറം വില ബ്ലോക്കിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 2-2 |
| | ഭാഗം 3 | |
| 13 | മികവ് 2018- പദ്ധതി മികവ് പുലർത്തിയില്ല | 3-1 |
| 14 | എൻട്രൻസ് കോച്ചിംഗ് ക്ലാസ്സിന് ധനസഹായം-അവശ്യരേഖകൾ ഹാജരാക്കിയില്ല. | 3-2 |
| 15 | ട്രൈസ്കൂട്ടർ വിതരണം – വിനിയോഗരേഖകൾ ഹാജരാക്കിയില്ല | 3-3 |
| 16 | രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 17 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല. | 3-5 |
| 18 | ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികൾ-സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-6 |
| 19 | 'ഗ്രാമണി' സുവനീർ അച്ചടിച്ചതിന് 25,000/- രൂപ അധികം നൽകി | 3-7 |
| 20 | 'സി.എച്ച്.സി കുളക്കടയിലേക്ക് മരുന്ന് വാങ്ങൽ' പദ്ധതി - 2,91,299/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല | 3-8 |
| 21 | ഉപകരണം വാങ്ങൽ പദ്ധതി - മൊബൈൽ സ്പോട്ട് ലൈറ്റ് ലഭ്യമായിട്ടില്ല | 3-9 |
| 22 | വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുവിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-10 |
| 23 | എ.ഡി.എ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-11 |
| 24 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തുക തടസ്സപ്പെടുത്തുന്ന പദ്ധതികൾ | 3-12 |
| 25 | പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-13 |
| | ഭാഗം 4 | |
| 26 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 29 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപം | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 33 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 36 | അനുബന്ധം-1<br>ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 37 | അനുബന്ധം-2<br>അനുബന്ധപത്രികകൾ | 2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

30.03.17 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.03.18 തീയതിയിലെ1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.18 | 14.05.18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 18.6.18 | കെ.എസ്.എ.കെ.എൽ.എം. പി.11/1237/18 തീയതി 09.07.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,94,77,430 |
| വരവ് | 14,32,25,529 |
| ആകെ | 20,27,02,959 |
| ചെലവ് | 15,25,60,444 |
| നീക്കിയിരിപ്പ് | 5,01,42,515 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 4,01,08,698 | 4,01,08,698 | 3,83,12,841 | 17,95,857 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 24,114,000 | 24,114,000 | 2,25,45,241 | 15,68,759 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 81,000 | 81,000 | - | 81,000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 51,08,000 | 51,08,000 | 32,56,003 | 18,51,997 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | - | - | - | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 347.56 | 8,02,907 | 8,03,314.56 | 8,03,055.22 | 259.34 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ഐ.എ.വൈ | 4,05,28,763 | 1,95,30,515 | 6,00,59,278 | 1,94,89,322 | 4,15,79,466 |
| | IWMP | 4,60,094 | 2,36,090 | 6,96,184 | 6,94,488 | 1,696 |
| | റ്റി.എസ്.സി | 11,26,771 | 1,84,269 | 13,11,040 | 2,61,784 | 10,49,256 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്ചേർക്കുക) കേരളോത്സവം | | 0 | 1,15,000 | 1,15,000 | 1,15,000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമപഞ്ചായത്ത് | 1,14,16,529 | 72,44,056 | 1,86,60,585 | 1,43,57,404 | 43,03,181 |
| | ജില്ലാ പഞ്ചായത്ത് | 0 | 5,60,70,523 | 5,60,70,523 | 1,25,41,188 | 4,35,29,335 |
| ബി ഫണ്ട് | | - | - | - | - | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | - | - | - | - | - |
| | ട്രഷറി അക്കൗണ്ട് | 25,42,361 | 43,50,005 | 68,92,366 | 63,96,230 | 4,96,136 |
| മറ്റിനം | | - | - | - | - | - |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 121 | 11,48,05,086 | 76 | 6,43,94,096 | 40 | 5 | 55.84 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -5</u>

1.നടുക്കുന്ന് പാറവിളവീട് കോൺക്രീറ്റിംഗ്-103/18

2.സി.എച്ച് സിയിൽ ഇമ്മ്യൂണൈസേഷൻ -ബ്രസ്റ്റ് ഫീഡിംഗ് കോർണർ-85/18

3.അംഗമാലിക്കൽ റോഡ് ഫോർമേഷൻ -97/18

4.ബ്ലോക്ക് ഓഫീസിന്റെ ചുറ്റുമതിൽ പൂർത്തീകരണം-128/18

5.റ്റി.എസ്.പി കൺസോളിഡേറ്റ്

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2018 ന് ശ്രീ.വിഷ്ണു.ആർ, സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവില്ലായിരുന്നു.

# 1-8 ആഭ്യന്തര നിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്.

സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. അതോടൊപ്പം മാന്വൽ രസീതുകളും ഉപയോഗിക്കുന്നുണ്ട്. പണമായും ചെക്ക്, ഡി.ഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൌണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗികബുദ്ധിമുട്ട് നേരിടുന്നുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ Day Book പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല. അതുപോലെ സ്റ്റേഷനറി ക്രമത്തിൽ ഉപയോഗിക്കുന്നതിന് ചുമതലപ്പെട്ടവർ ശ്രദ്ധിക്കുന്നില്ല. സുവനീർ സ്പോൺസർഷിപ്പ് ഇനത്തിൽ കാനറാബാങ്കിന്റെ കൊട്ടാരക്കര ശാഖ ലഭ്യമാക്കിയ 25,000/-രൂപ വരവിൽ ചേർത്തിട്ടില്ല. (പ്രത്യേക ഖണ്ഡിക കാണുക).

സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-9 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

1)വായ്പാ തുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

2)സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട്-വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

*3)ഷെഡ്യൂൾ 40(ബി) പ്രകാരം സംസ്ഥാന വിഹിതം അക്കൗണ്ടിൽ 2,60,376/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ആയത് 2,47,376/-രൂപയാണ്. 13,000/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വ്യത്യാസം ഗുണഭോക്താവിന് അധികം നൽകിയ തുകയായി രേഖപ്പെടുത്തി പൊരുത്തപ്പെടുത്തിയിരിക്കുന്നു.*

*4)തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ തേയ്മാനച്ചെലവ് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.*

*5)ആസ്തിരജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷികധനകാര്യപത്രികയിൽ ആസ്തി ഇനത്തിൽ ഉൾപ്പെടുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.*

*6)ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഷെഡ്യൂൾ ബി-7 പ്രകാരമുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.*

*7)നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.*

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.10.18 മുതൽ 12.10.18 വരെ | 2017-18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.06.18 മുതൽ 30.06.18 വരെ | 2013-14 മുതൽ 2017-18 വരെ | 13.08.18 |

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രസീത് അപാകതകൾ

സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കി വരുന്ന എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ദിവസംതോറും Day Book അതാത് ദിവസംതന്നെ

പ്രിന്റെടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി ഓരോ വർഷവും ബുക്കായി ബൈന്റ് ചെയ്തുസൂക്ഷിക്കണം. ക്യാഷ് രസീതുകൾക്ക് തുടർച്ചയായ നമ്പർ നൽകണം. അതുപോലെ രസീതുകളുടെ കൌണ്ടർ ഫോയിൽ, റദ്ദാക്കിയ രസീതുണ്ടെങ്കിൽ ആയതിന്റെ കൗണ്ടർ ഫോയിലും രസീതും ദിവസക്രമത്തിൽ അടുക്കി കൃത്യമായി സൂക്ഷിക്കണം. ഇത് കൃത്യമായി ചെയ്യുന്നുണ്ടെന്ന് അക്കൌണ്ടന്റ് പ്രത്യേക ശ്രദ്ധചെലുത്തി സാക്ഷ്യപ്പെടുത്തണമെന്ന് 48544/എബി1/13/ത.സ്വ.ഭ.വ തീയതി 22.04.14 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ വെട്ടിക്കവല ബ്ലോക്കുപഞ്ചായത്തിൽ 2017-18 സാമ്പത്തികവർഷത്തെ Day Book പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല. സാംഖ്യ രസീത് സ്റ്റേഷനറി നമ്പറിന്റെ ക്രമത്തിലല്ല ഉപയോഗിക്കുന്നത്. നിലവിൽ സോഫ്റ്റ്‌വെയർ തകരാർമൂലം 2017-18 വർഷത്തെ Day Book സാംഖ്യയിൽ ലഭ്യമാകുന്നില്ല. എന്നാൽ ബാങ്ക് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

മേൽ അപാകതകൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വരുംവർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ബ്ലോക്കിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ തൻ വർഷം ലഭിച്ച 85,580/-രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ബ്ലോക്ക്പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മികവ്-2018 പ്രോജക്ട് -മികവു പുലർത്തിയില്ല.

പ്രോജക്ട് നം.22/17-18

അടങ്കൽ-18,00,000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ-പട്ടികജാതിവികസനഓഫീസർ

മികവ്-2018 പ്രോജക്ടുപ്രകാരം ബ്ലോക്ക് പഞ്ചായത്തുപരിധിയിലുള്ള സ്കൂളുകൾ കേന്ദ്രീകരിച്ച് 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, കണക്ക്, സയൻസ്, സോഷ്യൽസയൻസ് എന്നീ വിഷയങ്ങൾക്ക് പരിശീലനം നൽകുന്നതിനായി 17,97,000/-രൂപ ചെലവഴിച്ചു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| തുക | ബിൽ നം./തീയതി |
|---|---|
| 3,94,600 | 1/17-18/6.1.18 |
| 7,36,400 | 2/17-18/24.1.18 |
| 6,66,000 | 3/17-18/27.1.18 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ എന്ന ടി പ്രോജക്ടിന്റെ ഭാഗമായി പരിശീലനപരിപാടി, റിഫ്രഷ്മെന്റ്, പഠനോപകരണങ്ങൾ വാങ്ങൽ, ടീച്ചർമാർക്ക് വേതനം എന്നിവ ഉൾപ്പെടുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ 18 സ്കൂളുകൾക്ക് ക്ലാസ്സൊന്നിന് 500/- രൂപ നിരക്കിൽ 30 ദിവസത്തേക്ക് 3 അധ്യാപകർക്ക് വീതം വേതനം നൽകുന്നതിനായിരുന്നു തുക വകയിരുത്തിയത്. ഫയൽ പരിശോധിച്ചതിൽ 300/-രൂപ നിരക്കിൽ അധ്യാപകർക്ക് വേതനം നൽകിയതായും 3 വിഷയങ്ങൾക്ക് പകരം 4 വിഷയങ്ങൾക്ക് പരിശീലനം നൽകിയതായും കാണുന്നു. 8,9,10 എന്നീ ക്ലാസ്സുകൾക്ക് ഓരോ വിഷയത്തിനും 10 ക്ലാസ്സുകൾ വീതം 4 വിഷയങ്ങൾക്കായി ആകെ 120 ക്ലാസ്സുകൾക്കാണ് 36,000/- രൂപ വേതനമായി അനുവദിക്കേണ്ടത്. ഇതിൻപ്രകാരം ഒരോ അധ്യാപകനും 30 ദിവസത്തെ ക്ലാസ്സിന് 9,000/- രൂപ വേതനമായി നൽകാവുന്നതാണ്. എന്നാൽ 30 ദിവസവും ക്ലാസ്സെടുക്കാത്ത അധ്യാപകർക്കും മുഴുവൻ തുകയും നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| സ്കൂളിന്റെ പേര് | അധ്യാപകന്റെ പേര് | ക്ലാസ്സെടുത്ത ദിവസം | അനുവദിച്ച തുക | അനുവദനീയമായ തുക@300 | അധികം നൽകിയത് |
|---|---|---|---|---|---|
| ഗവ.എച്ച്.എസ് ചക്കുവരയ്ക്കൽ | ശ്രീ.ബാബുപ്രസാദ് | 10 | 9,000 | 3,000 | 6,000 |
| | ശ്രീമതി.നീതുലക്ഷ്മി | 21 | 18,000 | 6,300 | 11,700 |
| | ശ്രീമതി.മിനി.ആർ ചന്ദ്രൻ | 10 | 9,000 | 3,000 | 6,000 |
| കെ.എസ്. എം.വി.എച്ച്. എസ്സ്.എസ്സ് .ഇടവട്ടം | ശ്രീമതി.സ്മിത | 20 | 9,000 | 6,000 | 3,000 |
| | ശ്രീമതി.ദിവ്യ.വി | 45 | 18,000 | 13,500 | 4,500 |
| | | | **ആകെ** | | **31,200** |

120 ക്ലാസ്സുകൾ ഉൾപ്പെടുത്തി നടപ്പാക്കേണ്ട പരിശീലനം ചുരുങ്ങിയ സമയം ചെലവഴിച്ച് നടപ്പാക്കിയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നു ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ടിയിനത്തിലെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച **31,200/-**രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഫയൽ പരിശോധിച്ചതിൽ 18 സ്കൂളുകളിൽ 14 സ്കൂളുകളുടെ ചെലവുരേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. 4സ്കൂളുകളുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| സ്കൂളിന്റെ പേര് | ചെലവു തുക |
|---|---|
| DVNSSHS, പൂവറ്റൂർ | 79,280 |
| സെന്റ്.ജോൺസ് VHSS, ഉമ്മന്നൂർ | 73,460 |
| ഗവ.എച്ച് എസ്സ്എസ്സ്, വെട്ടിക്കവല | 1,28,920 |
| SNGDHSS,കുഴിക്കലിടവക | 55,220 |
| **ആകെ** | **3,36,880/-** |

<u>മറ്റ് അപാകതകൾ</u>

1.ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, പുത്തൂർ സമർപ്പിച്ച ചെലവുരേഖകൾ പരിശോധിച്ചതിൽ 4അധ്യാപകർക്ക് 36,000/-രൂപ @9000 നൽകിയിട്ടുണ്ട്. എന്നാൽ, അധ്യാപകരുടെ ഹാജർ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, സദാനന്ദപുരം സമർപ്പിച്ച ചെലവുരേഖകളിൽ രക്ഷാകർത്തൃ ബോധവൽക്കരണ ക്ലാസ്സ് പരിപാടിയിൽ റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ നൽകിയ 1,804/- രൂപയുടേയും വേതനമിനത്തിൽ HM ന് നൽകിയ 1,000/- രൂപയുടേയും ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3.കുളക്കട GVHSS & HSS ഹാജരാക്കിയ രേഖകളിൽ കേരള സ്കൂൾ എയ്ഡ് എന്ന സ്ഥാപനത്തിൽ നിന്നും പഠനോപകരണങ്ങൾ വാങ്ങിയ ഇനത്തിലെ 16,500/-രൂപയുടെ ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ തുക സ്ഥാപനത്തിന് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4.MAM HSS, ചെങ്ങമനാട് വിവിധയിനങ്ങൾക്കായി നൽകിയ 28,860/-രൂപയുടെ ചെലവിന്റെ വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ അറ്റൻഡൻസ് രജിസ്റ്റർപ്രകാരം 3 അധ്യാപകർക്കായി 36,000/-രൂപ (12,000+15,000+9,000) നൽകിയിട്ടുണ്ട്. ഇംഗ്ലീഷ് പഠിപ്പിച്ചതാരെന്ന് വ്യക്തമല്ല. 120 ക്ലാസ്സ് എടുത്തതായി അറ്റൻഡൻസ് പ്രകാരം കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടിയിനങ്ങൾക്കായി ചെലവഴിച്ച 4,21,044/-രൂപ (336880+36000+1804+1000+16500+28860) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ മോണിറ്ററിംഗ് പ്രോജക്ട് നടപ്പാക്കുന്നതിൽ ഉണ്ടായിട്ടില്ല.

**എൻക്വയറി നം.3/29.11.2018**
**നിരാകരിച്ച തുക – 31,200/-രൂപ**
**തടസ്സപ്പെടുത്തിയ തുക- 4,21,044/-രൂപ**

## 3-2 എൻട്രൻസ് കോച്ചിംഗ് ക്ലാസ്സിന് ധനസഹായം-അവശ്യരേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം.59/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-പട്ടികജാതിവികസനഓഫീസർ

പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനപരീക്ഷ എഴുതുന്നതിനായി എൻട്രൻസ് കോച്ചിംഗ് ക്ലാസ്സിന് പോകുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായമായി 2,00,000/-രൂപ വകയിരുത്തിയതിൽ 25,000/-രൂപ ബിൽ നം.5/17-18/23.3.18 പ്രകാരം ചെലവഴിച്ചു. പ്രോജക്ട് പരിശോധിച്ചതിൽ ഗുണഭോക്താക്കൾ 2 പേർക്ക് അവശ്യരേഖകൾ ഹാജരാക്കാതെ ആനുകൂല്യം നൽകിയതായി കാണുന്നു. പ്ലസ്സ് ടു പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ കുട്ടികളിൽ എൻട്രൻസ് കോച്ചിംഗ് ക്ലാസ്സിന് പോകുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് പ്രകാരം 5 വിദ്യാർത്ഥികൾക്ക് 5,000/-രൂപ വീതം ധനസഹായം പഠിക്കുന്ന സ്ഥാപനത്തിന് നൽകി. എന്നാൽ നോബി.വി.രാജ് എന്ന വിദ്യാർത്ഥിയുടെ പ്ലസ്സ് ടു മാർക്ക് ഷീറ്റിൽ ഇംഗ്ലീഷിന്റെ മാത്രം മാർക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാൻ ഉന്നതവിദ്യാഭ്യാസത്തിനു യോഗ്യത നേടിയയാളാണെന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ഹരിത.എസ്.എസ് എന്ന വിദ്യാർത്ഥിയുടെ പ്ലസ്സ് ടു മാർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 10,000/- രൂപ തടസ്സപ്പെടുത്തുന്നു.

**എൻക്വയറി നം.3/29.11.18**

**തടസ്സപ്പെടുത്തിയ തുക-10,000/-രൂപ**

## 3-3 ട്രൈസ്ക്കൂട്ടർ വിതരണം-വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം.S0014/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-ശിശുവികസനപദ്ധതിഓഫീസർ

അടങ്കൽ- 1,00,000/- രൂപ

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ വിതരണം എന്ന പ്രോജക്ടിനായി ബ്ലോക്കുവിഹിതമായ 1,00,000/- രൂപ ബിൽ നം.2/17-18/6.11.17 പ്രകാരം പിൻവലിച്ച് ജില്ലാ പഞ്ചായത്ത്, കൊല്ലം പേർക്ക് (അക്കൗണ്ട് നം.36195058927) നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗരേഖകൾ ഹാജരാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗരേഖകൾ ഹാജരാക്കാത്തതിനാൽ 1,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**എൻക്വയറി നം.4/29.11.18**

**തടസ്സപ്പെടുത്തിയ തുക- 1,00,000 /-രൂപ**

## 3-4 രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം .S0013/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-ശിശു വികസനഓഫീസർ

അടങ്കൽ-7,00,000/-രൂപ(വികസനഫണ്ട്)

ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 7,00,000/-രൂപ ബിൽ നം.1/17-18 /20.12.17 പിൻവലിച്ച് 6 ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ തുക |
|---|---|
| വെട്ടിക്കവല | 1,75,000 |
| പവിത്രേശ്വരം | 75,000 |
| ഉമ്മന്നൂർ | 2,00,000 |
| മൈലം | 75,000 |
| കുളക്കട | 1,00,000 |
| മേലില | 75,000 |
| ആകെ | 7,00,000 |

6 ഗ്രാമ പഞ്ചായത്തുകളും തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഉമ്മന്നൂർ, വെട്ടിക്കവല, മേലില എന്നീ ഗ്രാമപഞ്ചായത്തുകളുടെ ഗുണഭോക്തൃലിസ്റ്റും മൈലം, പവിത്രേശ്വരം എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകിയതിന്റെ രേഖകളുംമാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ ഗുണഭോക്തൃലിസ്റ്റും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകിയതിന്റെ രേഖകളും ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവുരേഖകൾ ഹാജരാക്കി 7,00,000 രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

**എൻക്വയറി നം.5/29.11.18**

**തടസ്സപ്പെടുത്തിയ തുക-7,00,000/-രൂപ**

## 3-5 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല

ബ്ലോക്കിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ

വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/ കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തിരജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്-13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്. ബ്ലോക്കിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. ആസ്തിരജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിരനടപടികൾ കൈക്കൊള്ളേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-6 ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ സംസ്ഥാന ആസൂത്രണ ബോർഡ് 1999-ൽ പുറപ്പെടുവിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിയ്ക്കാതെ പണികൾ നടത്തിയതിനാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സുതാര്യത, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു. കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1)<u>ഗുണഭോക്തൃസമിതി രൂപീകരണത്തിനായി നോട്ടീസ് വിതരണം നടത്തിയിട്ടില്ല</u>

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള നിർമ്മാണപ്രവൃത്തിയുടെ ഗുണഭോക്താക്കളുടെ യോഗം, ബ്ലോക്ക് പ്രസിഡന്റോ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോ ബന്ധപ്പെട്ട വാർഡ് മെമ്പറോ ചുരുങ്ങിയത് മൂന്ന് ദിവസങ്ങൾക്ക് മുമ്പ് നോട്ടീസുകൾ വിതരണം നടത്തി വിളിച്ച ചേർക്കണം എന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല.

2)<u>പണമിടപാടുകൾ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന നടത്തുന്നില്ല</u>

ഗുണഭോക്തൃസമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേനയാണ് നടത്തുന്ന പ്രവൃത്തിയുടെ എല്ലാ ചെലവുകളും നിർവ്വഹിക്കേണ്ടത്. സംയുക്ത അക്കൗണ്ടിൽ കൂടിയല്ലാതെ, ലക്ഷക്കണക്കിന് രൂപയുടെ സാധനസാമഗ്രികൾ ക്യാഷ്' അടിസ്ഥാനത്തിൽ വാങ്ങിയ ഇടപാടുകളിലെ സുതാര്യത ബോധ്യപ്പെടുന്നില്ല. ക്രെഡിറ്റ് അടിസ്ഥാനത്തിലാണ് സാധനസാമഗ്രികൾ വാങ്ങിയതെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ ഇല്ല. കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും അനുവദിച്ചിട്ടില്ലായെന്നിരിക്കെ ബാങ്കിലെ അക്കൗണ്ടിൽനിന്നും മാറിയെടുത്ത ഫൈനൽ

ബിൽ തുക കൈപ്പറ്റി, കൺവീനർമാർ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടത്തിയ സാമ്പത്തിക ഇടപാടുകൾ, ചെക്ക്/ഡി.ഡി./അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയല്ലാത്തതിനാൽ ഹാജരാക്കിയ രേഖകളുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിയ്ക്കുന്നില്ല.

3)<u>രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ</u>

പ്രവൃത്തികളുടെ ബില്ലുകൾ എല്ലാം നിയമാനുസൃതമല്ല (സാധുതയുള്ള മെറ്റീരിയൽ ബില്ലുകൾക്ക് പകരം വെള്ള പേപ്പറിൽ വൻ തുകയ്ക്കുള്ള കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നു), എല്ലാ സാധനസാമഗ്രികളും അംഗീകൃത ഡീലറിൽനിന്നും വാങ്ങുന്നില്ല. വൗച്ചറുകൾ എല്ലാം ക്രമനമ്പർ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. പ്രവൃത്തികൾ നിർവ്വഹിച്ച ഗുണഭോക്തൃസമിതികൾ, അംഗീകൃത ഏജൻസികൾ/ഡീലർമാരിൽനിന്നും അല്ലാതെ വാങ്ങുന്ന നിർമ്മാണസാമഗ്രികളുടെ നികുതി ഇനത്തിലെ വരുമാനം സർക്കാരിന് നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും സാമ്പത്തികവ്യവസ്ഥിതിയിൽ കള്ളപണത്തിന്റെ ഭാഗമാക്കുന്നതിന് സർക്കാർഫണ്ട് തന്നെ നിമിത്തമാകുന്ന സാഹചര്യവും സൃഷ്ടിക്കുന്നു.

4)<u>വരവ്- ചെലവ് കണക്ക് അച്ചടിച്ച് അംഗങ്ങൾക്ക് നൽകുന്നില്ല</u>

ഗുണഭോക്തൃസമിതി കൺവീനർ വരവ്- ചെലവ് കണക്ക് അച്ചടിച്ച് സമിതി അംഗങ്ങൾക്ക് നൽകുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ, മതിയായതും നിയമം അനുശാസിക്കുന്നതുമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കാതെയും മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെയും ഗുണഭോക്തൃസമിതി കൺവീനർമാർക്ക് തുക അനുവദിച്ചത്, തുടർനടപടികൾക്കായി മേലധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-7 'ഗ്രാമണി' സുവനീർ അച്ചടിച്ചതിന് 25000/- രൂപ അധികം നൽകി

ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ : സെക്രട്ടറി

2017-18 സാമ്പത്തിക വർഷം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് 'ഗ്രാമണി' എന്ന സുവനീർ അച്ചടിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത യുണൈറ്റഡ് പ്രന്റേഴ്സ് ആന്റ് പബ്ലിഷേഴ്സ് എന്ന സ്ഥാപനത്തിന്റ ക്വട്ടേഷൻ (പേജ് ഒന്നിന് 2.375/- രൂപ നിരക്കിൽ) 17.12.17 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ VI/15 നം. തീരുമാനപ്രകാരം അംഗീകരിച്ചു.

മേൽ സുവനീർ അച്ചടിച്ചയിനത്തിൽ 27.02.18 ലെ വൌച്ചർ നം.109/17-18 പ്രകാരം 35,000/- രൂപ ചെലവഴിച്ചു. യുണൈറ്റഡ് പ്രന്റേഴ്സ് ആന്റ് പബ്ലിഷേഴ്സ് എന്ന സ്ഥാപനം 35,000/- രൂപയുടെ (70/- രൂപാ നിരക്കിൽ 500 എണ്ണം) ബിൽ സെക്രട്ടറിയുടെ പേരിൽ നൽകിയിട്ടുണ്ട്. എന്നാൽ ടി തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.02.18 ലെ ഡി/2268/2017 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.റജികുമാർ വി.എസ്സ് എന്ന ഹെഡ്ക്ലാർക്കിന്റെ അക്കൗണ്ടിലേക്ക് 27.02.18 ൽ ആർ.റ്റി.ജി.എസ്സ് പ്രകാരം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകിയിരിക്കുന്നു.

'ഗ്രാമണി' സുവനീറിന്റെ പുറംചട്ട സ്പോൺസർ ചെയ്ത കൊട്ടാരക്കര കാനറാ ബാങ്ക് 21.12.17 ൽ 25,000/-രൂപ സുവനീർ അച്ചടിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ടെന്ന് ബാങ്ക് അധികൃതർ ഫോൺ മുഖേന അറിയിച്ചു. എന്നാൽ ഇത്

സംബന്ധിച്ച രേഖകൾ യാതൊന്നും ലഭ്യമല്ല. മേൽ തുക നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

പ്രിന്റിംഗിനത്തിലെ ചെലവുതുക സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാതെ ഓഫീസ് ജീവനക്കാരന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിനും കാനറ ബാങ്ക് നൽകിയ 25,000/-രൂപ നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അടിയന്തിരമായി മേൽ തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മേൽവിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
**ഓഡിറ്റന്വേഷണം നമ്പർ :6/30.11.18**

## 3-8 'സി എച്ച് സി കുളക്കടയിലേക്ക് മരുന്ന് വാങ്ങൽ' പദ്ധതി - 2,91,299/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല

പദ്ധതി നമ്പർ: 04/17-18

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, സി എച്ച് സി, കുളക്കട

പദ്ധതി അടങ്കൽ: 3,00,000/-രൂപ

പദ്ധതി ചെലവ് :3,00,000/-രൂപ

ബിൽ നമ്പർ:12/17-18 തീയതി 28.03.18

യു.റ്റി.ആർ നമ്പർ: 1100000384302004 തീയതി 28.03.18

'സി എച്ച് സി കുളക്കടയിലേക്ക് മരുന്നുവാങ്ങൽ' പദ്ധതിപ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 28.03.18 ൽ 3,00,000/-രൂപ നൽകി. എന്നാൽ 31.10.18 ലെ 11628 നമ്പർ ഇൻവോയ്സ് പ്രകാരം 8,771/-രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 2,91,299/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് അടിയന്തിരമായി മരുന്ന് ലഭ്യമാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 ഉപകരണം വാങ്ങൽ പദ്ധതി - മൊബൈൽ സ്പോട്ട് ലൈറ്റ് ലഭ്യമായിട്ടില്ല

പദ്ധതി നമ്പർ: 4/17-18

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ സി എച്ച് സി, കുളക്കട

പദ്ധതി അടങ്കൽ: 2,00,000/-രൂപ

പദ്ധതി ചെലവ് :1,47,191/-രൂപ

പർച്ചേസ് ഓഡർ നമ്പർ: S0/739/2018-19/74 തീയതി 05.10.18

ബിൽ നമ്പർ, തീയതി, തുക

13/17-18, 28.03.18, 2,500/-

19/17-18, 28.03.18, 21,800/-

20/17-18, 28.03.18, 23,691/-

21/17-18, 28.03.18, 99,200/-

ഉപകരണം വാങ്ങൽ പദ്ധതിയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ 1,47,191/-രൂപയിൽ 28.03.18 ൽ 20/17-18 നമ്പർ ബിൽ പ്രകാരം മൊബൈൽ സ്പോട്ട് ലൈറ്റ് വാങ്ങാൻ 23,691/-രൂപ നൽകി. എന്നാൽ നാളിതുവരെ മേൽ ഉപകരണം ലഭ്യമായിട്ടില്ല. അടിയന്തിരമായി മൊബൈൽ സ്പോട്ട് ലൈറ്റ് ലഭ്യമാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.1/26.11.18**

## 3-10 വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി- (1) എസ്.0094/18-വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം(ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

അടങ്കൽ തുക- 29,00,000/-രൂപ ( വികസന ഫണ്ട്- 9,00,000/-രൂപ,
ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ- 20,00,000/-രൂപ)

ചെലവ്- വികസന ഫണ്ട്- ( ബിൽ നം.1/17-18, 4,00,000/-, 29/6/12,
ബിൽ നം.4/17-18, 4,00,000/-, 12/7/17,
ബിൽ നം.6/17-18, 1,00,000/-, 30.10.17)

(2) എസ്.0094/18-വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം(എസ്.സി.പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

അടങ്കൽ തുക- 81,00,000/-രൂപ ( വികസന ഫണ്ട്- 38,95,000/-രൂപ,
ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ- 42,00,000/-രൂപ)

ചെലവ്- വികസന ഫണ്ട്- (ബിൽ നം.2/17-18, 2,00,000/-,29/6/12,
ബിൽ നം.3/17-18, 3,00,000/-, 12/7/17,
ബിൽ നം.5/17-18, 1,00,000/- , 21.7.17)

ജനറൽ വിഭാഗത്തിലും എസ്.സി.പി യിലുമായി നടപ്പാക്കിയ പദ്ധതികളിൽ ചുവടെ പരാമർശിക്കുന്ന അപാകതകൾ ഓഡിറ്റിൻെറ ശ്രദ്ധയിൽപ്പെട്ടു.

1. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എന്നത് പദ്ധതിയിൽ വിഭാവനം ചെയ്തതിനാൽ പദ്ധതി നടപ്പാക്കേണ്ടത് ബാക്ക് എൻഡഡ് സബ്സിഡിയായിട്ടാണ്. ബാക്ക് - എൻഡഡ്-

സബ്സിഡി നടപ്പാക്കുന്നതിനായി ഏതെങ്കിലും പൊതുമേഖലാബാങ്കുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടശേഷം സബ്സിഡി തുക പൂർണ്ണമായി പിൻവലിച്ച് ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുടർന്ന് ബാങ്ക് ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ച് ലോൺ തുകയും സബ്സിഡി തുകയും തവണകളായി തിരികെ അടയ്ക്കുന്ന മുറയ്ക്ക് ലോണും സബ്സിഡിയും ഗുണഭോക്താക്കൾക്ക്

നൽകുകയും ചെയ്യുക എന്നതാണ് സമ്പ്രദായം എന്നാൽ മേൽ പരാമർശിച്ച രണ്ട് പദ്ധതികളിലും വായ്പ ലഭിച്ചോയെന്ന് ഉറപ്പ് വരുത്താതെ സബ്സിഡിത്തുക പിൻവലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ഉണ്ടായത്.

2. ബിൽ നം.1/17-18 പ്രകാരം 4,00,000/- പിൻവലിച്ച്, അതിൽനിന്നും ഒരു ലക്ഷം രൂപ അഞ്ച് ഗുണഭോക്താക്കൾക്ക് 20,000/-രൂപ വീതം സബ്സിഡി എന്ന നിരക്കിൽ സാന്ത്വനം കുടുംബശ്രീ ഗ്രൂപ്പിൻെറ പ്രസിഡന്റായ ശ്രീമതി സുജാകുമാരിയമ്മ, ഭാർഗ്ഗവി നിലയം, ഇരുകുന്നം, സദാനന്ദപുരം എന്ന വ്യക്തിയുടെ 2681107017743 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് വകമാറ്റിയിട്ടുണ്ട്. ഇവർക്ക് 2 ലക്ഷം രൂപയ്ക്ക് 5 പശുക്കളെ വിറ്റ (ഒരു പശുവിന് 40,000/-രൂപ വീതം) വ്യക്തിയുടെ പേരും വിലാസവും വിലചിട്ടിൽ ജയകുമാർ, ഭാർഗ്ഗവി നിലയം, ഇരുകുന്നം, സദാനന്ദപുരം എന്നാണ്. ശ്രീമതി.സുജാകുമാരിയമ്മയുടെ റേഷൻ കാർഡ് (നമ്പർ-1208156789) പ്രകാരം ജയകുമാർ അവരുടെ ഭർത്താവാണ്. ഓഡിറ്റ് എൻക്വയറിക്കു ലഭിച്ച മറുപടിയിൽ തുടർന്ന് ഇത്തരം അപാകതകൾ ആവർത്തിക്കില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത് ഓഡിറ്റിൻെറ നിഗമനത്തെ സാക്ഷ്യപ്പെടുത്തുന്നു. ഭർത്താവ് ഭാര്യക്ക് പശുവിനെ വിറ്റതായ രേഖ ഇത്തരമൊരു വില്പന നടന്നിട്ടില്ലായെന്ന് വ്യക്തമാക്കുന്നു. ഗ്രൂപ്പിലെ മറ്റു നാലു പേർക്കും പശുക്കളെ വിറ്റതും അതിനാൽത്തന്നെ സംശയത്തിൻെറ നിഴലിലാണ്. വികസന/ക്ഷേമ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശരിയായ മോണിറ്ററിംഗിൻെറ അഭാവം ഇത്തരം പദ്ധതികളുടെ ശരിയായ നടത്തിപ്പിനെ ബാധിക്കുന്നു. ഭർത്താവ് ഭാര്യക്കു പശുവിനെ വിറ്റതായുള്ള രേഖകൾ ഓഡിറ്റ് അംഗീകരിക്കുന്നില്ല, അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 20,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മറ്റു നാലു പേർക്കും നൽകിയ 80,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

**ഓഡിറ്റ് എൻക്വയറി നം.10/1.12.18**

**നിരാകരിച്ച തുക- 20,000/-രൂപ**

**തടസ്സപ്പെടുത്തിയ തുക-80,000/-രൂപ**

## 3-11 എ.ഡി.എ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1)<u>പദ്ധതി- എസ്.0012/18- വാഴകൃഷി വികസനം</u>

മൊത്തം അടങ്കൽ-12,25,000/-രൂപ

(വികസന ഫണ്ട്-10,00,000/-രൂപ

ഗുണഭോക്തൃ വിഹിതം (നേരിട്ട്)-2,25,000/-രൂപ)

ചെലവ്-ബിൽ നം.8/17-18, 10,00,000/-, 22.2.18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റൻറ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ

20 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വാഴവിത്തും ജൈവവളവും നൽകുന്നതായിരുന്ന പദ്ധതി. ഇതിനായി ആഗ്രോ ഇൻഡസ്ട്രീസിൻെറ 16.2.18 ലെ Q-681 -) 0 നമ്പർ ഇൻവോയ്സ് പ്രകാരം (ആകെ തുക-12,17,025/-രൂപ) (വാഴവിത്ത് 20000 എണ്ണത്തിന് 22.50/-രൂപ നിരക്കിൽ 4,50,000/-രൂപയും ജൈവവളം-21915 കിലോയ്ക്ക് 35/-രൂപ നിരക്കിൽ 767025/-രൂപയും (75ശതമാനം സബ്സിഡി) 10,00,000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്ത് കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തതിൻെറ രേഖകൾ ഹാജരാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 10,00,000/- രൂപ ഓഡിറ്റിൽ താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു.

2)<u>പദ്ധതി-എസ്.0035/18-വെട്ടിക്കവല ബ്ലോക്കിൽ കാർഷിക വിപണികൾക്ക് അടിസ്ഥാന സൗകര്യം</u>

മൊത്തം അടങ്കൽ- 7,50,000/- രൂപ (വികസനഫണ്ട്)

ചെലവ്- 1) ബിൽ നം. 2/17-18, 5,26,984/-രൂപ, 29/1/18

2) ബിൽ നം. 9/17-18, 2,23,016, 31.3.18

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിലെ വിവിധ കാർഷിക വിപണികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയിൽ വിവിധ കാർഷിക വിപണിയിലേക്ക് ഫർണിച്ചർ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിൻെറ രേഖകൾ ഹാജരാക്കിയില്ല.

വി.എഫ്.പി.സി.കെ, സ്വാശ്രയ കർഷക സമിതിക്ക് ലേല ഹാൾ നിർമ്മാണത്തിന് 75,000/-രൂപയും സ്വാശ്രയ കർഷക സമിതി ഈഞ്ചക്കാടിന് റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിന് 46,313/-രൂപയും ഐശ്വര്യാ ഇക്കോഷോപ്പ് കുടുംബശ്രീ വിപണനസംഘം മേലിലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 40,240/-രൂപയും സ്വാശ്രയ കർഷക സമിതി ചേത്തടി, ചെങ്ങമനാട്, സ്വാശ്രയ കർഷക സമിതി ചിരട്ടക്കോണം എന്നിവയ്ക്ക് അടിസ്ഥാന സൗകര്യവികസനത്തിന് 75,000/-രൂപ വീതവും നൽകിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ യാതൊന്നും ലഭ്യമാക്കിയില്ല. അതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 2,36.553/- രൂപ ഓഡിറ്റിൽ താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു.

3)<u>പദ്ധതി- എസ്.0026/18- കശുമാവ് കൃഷി വികസനം</u>

മൊത്തം അടങ്കൽ-3,00,000/-രൂപ

ചെലവ്- ബിൽ നം.1/17-18, 3,00,000/-രൂപ, 16/9/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റൻറ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ

കേരളാ കാഷ്യൂ ഡെവലപ്മെൻറ് കോർപ്പറേഷന് 10000 കശുമാവിൻ തൈകൾക്ക് 30രൂപ നിരക്കിൽ 3,00,000/-രൂപ നിരക്കിൽ 16/9/17 ൽ നൽകിയെങ്കിലും കേരളാ കാഷ്യൂ ഡെവലപ്മെൻറ് കോർപ്പറേഷൻ എം.ഡി എ.ഡി.എ യ്ക്ക് 22.11.18ന നൽകിയ കത്തിൽ 6700 എണ്ണം മാത്രമേ നൽകാനാകൂവെന്ന് പറയുന്നുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക മറുപടി ലഭിച്ചില്ല. പദ്ധതി ആരംഭിച്ച് നാളിതുവരെ ആയിട്ടും പൂർത്തിയാക്കാനാകാത്തത് നിർവ്വഹണത്തിലേയും മോണിറ്ററിംഗിലേയും പാളിച്ചയാണ്. കശുമാവിൻതൈകൾ സ്റ്റോക്കിലെടുത്ത് ആർക്കൊക്കെ വിതരണം ചെയ്തുവെന്നതിൻെറ യാതൊരു രേഖയും ലഭ്യമായതുമില്ല. മേൽക്കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 3,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

4) <u>പദ്ധതി-എസ്0021/18-അങ്കണവാടി/സ്കൂളിൽ പച്ചക്കറി കൃഷി</u>

മൊത്തം അടങ്കൽ- 30,00,000/-രൂപ

ചെലവ്- ബിൽ നം.5/17-18, 15,00,000/-രൂപ, 23/1/18,

ബിൽ നം.6/17-18, 15,00,000/-രൂപ, 25.1.18

സ്കൂളിലും അടിസ്ഥാന സൗകര്യങ്ങൾ ഉള്ള അങ്കണവാടികളിലും ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറി സ്ഥാപനങ്ങളിൽ തന്നെ ഉല്പാദിപ്പിച്ച് ഹരിതകേരളം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം സാധിക്കുന്നതിനും വിദ്യാർത്ഥികൾക്ക് കൃഷിരീതികൾ നേരിട്ട് കണ്ട് കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമാണ് 100% സബ്സിഡിയിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത്. മൺചട്ടി പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ഒന്നരയടി മേൽ വിസ്താരമുള്ള സിമൻറ് ചട്ടി വെട്ടിക്കവല ആഗ്രോസർവ്വീസ് സെൻ്ററിൽ നിന്നും വാങ്ങി നൽകുന്നതാണ് പദ്ധതി.

വെട്ടിക്കവല ആഗ്രോസർവ്വീസ് സെൻ്ററിൻെറ 17.1.18 -ലെ 0058 നമ്പർ ബിൽ പ്രകാരവും 23.1.18 ലെ 0059 നമ്പർ ബിൽ പ്രകാരവും 15,00,000/-രൂപ വീതം ആകെ 30,00,000/-രൂപ നൽകിയിട്ടുണ്ട്. രണ്ടാമത്തെ ബില്ലിൽ സീൽ ഇല്ല. കൂടാതെ എന്തൊക്കെ സാധനങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും ബില്ലുകളിൽ നിന്നും വ്യക്തമല്ല.

30.11.2018 തീയതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻെറ സാന്നിദ്ധ്യത്തിൽ വിവിധ സ്കൂളുകളിൽ നടത്തിയ സ്ഥലപരിശോധനയിൽ ഗവ.എച്ച്.എസ്.എസ് സദാനന്ദപുരത്തൊഴികെ മററു സ്കൂളുകളിലൊന്നും പദ്ധതി പൂർണ്ണമായി വിജയിച്ചു കണ്ടില്ല. മാർത്തോമാ എച്ച്.എസ്.എസ് വാളകത്തിനു ലഭിച്ച 100 ചട്ടികളിൽ ആദ്യമേ തന്നെ സിമൻറ് ചട്ടിയായിട്ടും 2 എണ്ണം പൊട്ടിപ്പോകുകയും ബാക്കിയുള്ളവയിൽ ഭൂരിപക്ഷവും കൃഷി നശിച്ച് വരണ്ട അവസ്ഥയിലുമാണ്. ജലദൗർലഭ്യമാണ് ഇതിനു കാരണമെന്ന വ്യക്തമായി. സി.എസ്.ഐ വി.എച്ച്.എസ്.& എച്ച്.എസ്.എസ് ഫോർ ദ ഡെഫ് സ്കൂളിനു ലഭിച്ച 100 ചട്ടികളിൽ ഏറെയെണ്ണത്തിലും പുഷ്പസസ്യങ്ങളും ഔഷധസസ്യങ്ങളുമാണ് നട്ടിരിക്കുന്നത്.

ഇത്തരം സമീപനങ്ങളും പദ്ധതിച്ചെലവ് എങ്ങനെയും വർദ്ധിപ്പിക്കുക എന്ന മനോഭാവവും പദ്ധതി നടത്തിപ്പിനെ പൂർണ്ണമായും അവതാളത്തിലാക്കുകയും പദ്ധതിപ്പണം

പാഴ്ചെലവാകുകയും ചെയ്തു. 30 ലക്ഷം രൂപ ചെലവുവന്ന പദ്ധതിയിൽ സീൽ ഇല്ലാതെയും ബില്ലിൽ ഉൾപ്പെട്ടിട്ടുള്ള സാധനങ്ങളുടെ വിശദാംശങ്ങൾ ഇല്ലാതെയും ബിൽ നൽകിയത് ഗുരുതരമായ വീഴ്ച്യാണ്. അതിനാൽ 0059/23.1.18 തീയതിയിലെ ബിൽ പ്രകാരം ചെലവഴിച്ച 15 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിരുത്തരവാദപരമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയെയും കൃഷിയോടുള്ള താല്പര്യവും സംബന്ധിച്ച് വേണ്ടവിധത്തിൽ പഠനം നടത്താതെയാണ് പദ്ധതി നടപ്പാക്കിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ശരിയായ മോണിറ്ററിംഗ് ഇല്ലാത്തത് പദ്ധതിയുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.







**ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക-35,50,000/-രൂപ**

**ഓഡിറ്റ് എൻക്വയറി നം.8/30.11.18**

## 3-12 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തുക തടസ്സപ്പെടുത്തുന്ന പദ്ധതികൾ

| ക്രമനമ്പർ | പദ്ധതി | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | എസ്.0019/18-പാലിയേറ്റീവ് കെയർ വിഹിതം നൽകൽ | 4,00,000/-രൂപ | ബിൽനം.25/17-18, 22.11.17, 1,00,000/-രൂപ<br>ബിൽനം.29/17-18, 20.12.17, 1,00,000/-രൂപ<br>ബിൽനം.23/17-18, 20.11.17, 2,00,000/-രൂപ | സെക്രട്ടറി |
| 2 | എസ്.0117/18-പൊതുശ്മശാനത്തിനു സ്ഥലം വാങ്ങൽ (പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത്) | 2,00,000/-രൂപ (വികസനഫണ്ട്) | ബിൽനം. 9/17-18 200000/-, 1.8.17 | സെക്രട്ടറി |
| 3 | എസ്.0027/18-മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതിയും ഐ.സി.ഡി.എസ് പദ്ധതിയുമായി സംയോജിപ്പിച്ച് കുളക്കട ഗ്രാഎസ്.0029/18-കോക്കാട് നോർത്ത് | 2,00,000/-രൂപ | ബിൽനം. 23/17-18, 2,00,000/-, 23.11.17 | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| | വാർഡിലെ പരുത്തി കുടിവെള്ള പദ്ധതി പഞ്ചായത്തിലെ 44-)-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം-ബ്ലോക്ക്പഞ്ചായത്ത് വിഹിതം നൽകൽ | | | |
| 4 | എസ്.0029/18-കോക്കാട് നോർത്ത് വാർഡിലെ പരുത്തി കുടിവെള്ള പദ്ധതി | 8,75,600/-രൂപ | ബിൽ നം.22/17-18, 8,75,600/-രൂപ 26.11.17 | |
| 5 | എസ്.0053/18-മുകളുവിള – അച്നാംകുഴി-ഉപ്പരി ഹരിജൻ കോളനി കുടിവെള്ള പദ്ധതി | 24,93,200/-രൂപ | ബിൽ നം. 19/ 17-18 2493200/-രൂപ 2.10.17 | സെക്രട്ടറി |
| 6 | എസ്.0125/18-ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കുഴൽക്കിണർ സ്ഥാപിക്കൽ | 80,200/- | വൗച്ചർ നമ്പർ-10/2017, 80,200/ | സെക്രട്ടറി |

## 3-13 പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി- എസ്.0032/18- പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്

അടങ്കൽ തുക- 1,49,168/-രൂപ , (വികസനഫണ്ട്)

ചെലവ്- ബിൽനം.26/17-18, 49,465/- , 25.2.17

ബിൽ നം. 52/17-18, 63200/- , 26.2.18,

ബിൽ നം.63/17-18, 19,812/- , 31.3.18

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പദ്ധതി രേഖ, വികസനരേഖ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പ്രിൻറ് ചെയ്യുന്നതിനു നൽകിയ ക്വട്ടേഷൻ പരസ്യം ദിനപത്രങ്ങളിൽ നൽകിയതിന് രേഖയില്ല. ക്വട്ടേഷൻ നൽകിയതിൽ കീർത്തി പ്രിൻറേഴ്സ് മാത്രമാണ് തീയതി രേഖപ്പെടുത്തിയത്. കുറഞ്ഞ നിരക്ക് (63,200/-രൂപ) ക്വാട്ട് ചെയ്ത യുണൈറ്റഡ് പ്രിന്റേഴ്സിനു ക്വട്ടേഷൻ നൽകിയത് ഏത് കമ്മിറ്റി തീരുമാനത്തിലെന്നും വ്യക്തമല്ല. ഇവ പ്രിന്റ് ചെയ്തത് സ്റ്റോക്കിലെടുത്തതിൻറെ രേഖകളും ലഭിച്ചില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 63,200/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

ബിൽ നം.63/17-18, 31.3.18പ്രകാരം 19,812/രൂപ മാറിയതിൽ 5,700/-രൂപ കുഞ്ഞയ്യപ്പൻ പിള്ള എന്ന വ്യക്തിക്കാണ് നൽകിയത്. കാരണം വ്യക്തമല്ല. അതിനാൽ ഈയിനത്തിൽ

ചെലവഴിച്ച 5,700/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റിൽ ആകെ തടസ്സപ്പെടുത്തിയ തുക- 68,900/-രൂപ

**ഓഡിറ്റ് എൻക്വയറി നം.12/1.12.18**

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2017-18 | 72,44,056 | ലൈഫ് &പി.എം.എ.വൈ | 39,40,875 | 43,03,181 |
| ജില്ലാപഞ്ചായത്ത് | 2017-18 | 5,60,70,523 | ലൈഫ് &പി.എം.എ.വൈ | 1,25,41,188 | 4,35,29,335 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി, ചെക്ക് നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കോക്കാട് നോർത്ത് വാർഡിലെ കുടിവെള്ള പദ്ധതി | 53/18/25.11.17 | 8,75,600 | - | 8,75,600 |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | മുകളുവിള അഞ്ജനംകുഴി ഹരിജൻകോളനി കുടിവെള്ള പദ്ധതി | 41/18/11.10.17 | 24,93,200 | - | 24,93,200 |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ കുഴൽക്കിണർ സ്ഥാപിക്കൽ | 2161227/23.10.17 | 80,200 | - | 80,200 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം/ തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. വായ്പ/ ഭവനനിർമ്മാണം | 2229/10 തസ്വഭവ 7.7.10 | 75,00,000 | 21,00,000 (മുതൽ ) 14,12,339 (പലിശ) | 7,50,000 | | 13,50,000 (മുതൽ ) 14,12,339 (പലിശ) |
| ഐ.എ.വൈ/ ഭവനനിർമ്മാണം | 332/13 തസ്വഭവ 9.10.13 | 16025652 | 1,60,25,652 (മുതൽ ) 32,63,480 (പലിശ) | 174 | 8,91,856 | 1,60,25,478 (മുതൽ ) 21,39,299 (പലിശ) |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്ക പ്രകാരം(Rp-10) തൻവർഷം ലഭിച്ച 54,263/-രൂപയുടെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിന് പഞ്ചായത്തിൽ നിന്നും വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ സാധിച്ചിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ്പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ ശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | - | 2001-02 | 5.13(i) | പുത്തൂർ പ്രീ-മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് കട്ടിലും, കസേരയും വാങ്ങി വിതരണം | ലഭ്യമല്ല |
| 1998-99 | - | 2001-02 | 5.13(ii) | റഫറൻസ് ലൈബ്രറി വ്യാപനം | - |
| 1999-2000 | 28 | 2002-03 | 7.3(i) | ഗുണഭോക്തൃ കമ്മിറ്റി ചെലവ് അനുവദനീയമല്ല | - |
| 1999-2000 | 29 | 2002-03 | 7.3(ii) | അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണംഅധികച്ചെലവ് നിരാകരിക്കുന്നു | - |
| 1999-2000 | 35 | 2002-03 | 7.3(iii) | ഭൂരഹിത പട്ടിക വിഭാഗ പുനരധിവാസപദ്ധതി യോഗ്യതയില്ലാത്ത വ്യക്തിക്ക് ധനസഹായം നൽകി | - |
| 2007-08 | 3-22 | 2010-11 | 5.4.2 | ഗവ. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി SGSRY പദ്ധതിയിൽ 31.3.08-ൽ അഡ്വാൻസ് നൽകി | - |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 14,32,25,529 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 15,25,60,444 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 51,200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 86,65,497 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി).** **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 31,200 | ശ്രീ.സുനിൽകുമാർ.കെ, പട്ടികജാതി വികസന ഓഫീസർ |
| 3-10 | - | 20,000 | ഡോ.എം.എനിസ്സാം, വെറ്റിനറിസർജൻ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| **ഖണ്ഡിക നമ്പർ** | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 3-1 | 4,21,044 | ശ്രീ.സുനിൽ കുമാർ കെ, പട്ടികജാതി വികസന ഓഫീസർ |
| 3-2 | 10,000 | ശ്രീ.സുനിൽ കുമാർ കെ, പട്ടികജാതി വികസന ഓഫീസർ |
| 3-3 | 1,00,000 | ശ്രീമതി.വത്സമ്മ.പി.എസ്, ശിശുവികസന ഓഫീസർ |
| 3-4 | 7,00,000 | ശ്രീമതി.വത്സമ്മ.പി.എസ്, ശിശുവികസന ഓഫീസർ |
| 3-10 | 80,000 | ഡോ.എം.എ.നിസ്സാം, വെറ്റിനറി സർജൻ |

| | | |
|---|---|---|
| 3-11(1) | 10,00,000 | ശ്രീ.അനിൽകുമാർ എ ജി,<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |
| 3-11(2) | 2,36,553 | ശ്രീ.അനിൽകുമാർ എ ജി,<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |
| 3-11(3) | 3,00,000 | ശ്രീ.അനിൽകുമാർ എ ജി,<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |
| 3-11(4) | 15,00,000 | ശ്രീ.അനിൽകുമാർ എ ജി,<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |
| 3-12(1) | 4,00,000 | ശ്രീ.പി കെ ശരത്ചന്ദ്രക്കുറുപ്പ്,<br>സെക്രട്ടറി |
| 3-12(2) | 2,00,000 | ശ്രീ.പി കെ ശരത്ചന്ദ്രക്കുറുപ്പ്,<br>സെക്രട്ടറി |
| 3-12(3) | 2,00,000 | ശ്രീ.പി കെ ശരത്ചന്ദ്രക്കുറുപ്പ്,<br>സെക്രട്ടറി |
| 3-12(4) | 8,75,600 | ശ്രീ.പി. കെ ശരത്ചന്ദ്രക്കുറുപ്പ്,<br>സെക്രട്ടറി |
| 3-12(5) | 24,93,200 | ശ്രീ.പി.കെ. ശരത്ചന്ദ്രക്കുറുപ്പ്,<br>സെക്രട്ടറി |
| 3-12(6) | 80,200 | ശ്രീ.പി.കെ. ശരത്ചന്ദ്രക്കുറുപ്പ്,<br>സെക്രട്ടറി |
| 3.13 | 68,900 | വിഷ്ണു. ആർ, സെക്രട്ടറി |
| ആകെ | 86,65,497 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ്നടന്നസമയത്തെ) ഔദ്യോഗികമേൽവിലാസം** | **സ്ഥിരംമേൽവിലാസം** |
|---|---|---|
| ശ്രീ.സുനിൽകുമാർ.കെ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, വെട്ടിക്കവല | മുടിയിൽ താഴതിൽ ആയിക്കുന്നം, ശാസ്താംകോട്ട പി ഒ, കൊല്ലം. |
| ശ്രീ.പി.കെ.ശരത്ചന്ദ്രക്കുറുപ്പ് സെക്രട്ടറി | ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി, ഇത്തിക്കര | രാമനിലയം,നടയ്ക്കൽ, അടുതല പി ഒ കൊല്ലം. |
| ശ്രീമതി.വത്സമ്മ.പി.എസ് ശിശുവികസന ഓഫീസർ | ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസർ, മുതുകുളം(അഡീഷണൽ) | ഗവ.ക്വോർട്ടേഴ്സ് C10-നേതാജി നഗർ വികാസ് ഭവൻ.പി.ഒ തിരുവനന്തപുരം |
| ശ്രീ.അനിൽകുമാർ എ ജി, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | അസിസ്റ്റന്റ്ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ,വെട്ടിക്കവല | കൈരളി പടിഞ്ഞാറ്റിൻക്കര കൊട്ടാരക്കര |
| ഡോ.എം.എ.നിസ്സാം വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, വെട്ടിക്കവലബ്ലോക്ക് പഞ്ചായത്ത് | “ബർക്കത്ത്” കടയ്ക്കൽ റോഡ് നിലമേൽ.പി.ഒ -691535 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 തീയതി 19.02.18 | 11 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 തീയതി 19.02.18 | 7 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 തീയതി 19.02.18 | 10 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 തീയതി 19.02.18 | 4 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 തീയതി 19.02.18 | 9 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 തീയതി 19.02.18 | 6 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 തീയതി 19.02.18 | 8 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി 1518(4)/14 തീയതി 08.07.14 | 9 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി 1518(3)/14 തീയതി 08.07.14 | 10 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി 1518(2)/14 തീയതി 08.07.14 | 12 |
| 2010-11 & 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി 1518(1)/14 തീയതി 08.07.14 | 17 |
| 2012-13& 2013-14 | കെ.എസ്.എ.കെ.എൽ.എം പി11/1598 തീയതി 18.11.15 | 17 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.എൽ.എം പി11/1598 തീയതി 18.11.15 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.കെ.എൽ.എം പി11/1984/17 തീയതി 11.12.17 | എല്ലാ ഖണ്ഡികകളും |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം:കെ.എസ്.എ.കെ.എൽ.എം.പി-11/52/19 തിയതി:17.4.2019

## <u>ഓഡിറ്റ് സാക്ഷ്യപത്രം 2017-18</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ** 2017-18 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷികധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം,കൊല്ലം

# അനുബന്ധം -2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം